>> മുഖക്കുറിപ്പ്

# ഇബ്‌ലീസിന്റെ കഥ

**ആദിയിൽ** ഇബ്‌ലീസ് മഹാജ്ഞാനിയും പരമ ഭക്തനുമായ ഒരു ജിന്നായിരുന്നുവത്രെ. ജ്ഞാനത്തിന്റെയും ഭക്തിയുടെയും പാരമ്യത്താൽ മലക്കുകളുടെ ഗണത്തിലേക്കുയർത്തപ്പെട്ട ജിന്ന്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടപ്പോൾ മനുഷ്യനു മുമ്പിൽ പ്രണാമം ചെയ്യാൻ അല്ലാഹു മലക്കുകളോട് ആജ്ഞാപിച്ചു. മലക്കുകളെല്ലാം അതനുസരിച്ചു; ഇബ്‌ലീസ് ഒഴിച്ച്. 'അവൻ വിസമ്മതിച്ചു, അഹങ്കരിച്ചു' എന്നാണ് ഖുർആൻ പറയുന്നത്. അഗ്നിയിൽനിന്നുളവാക്കപ്പെട്ടവരാണ് ജിന്നുകൾ. മനുഷ്യൻ മണ്ണിൽനിന്നും. 'നീ മണ്ണിനാൽ സൃഷ്ടിച്ച മനുഷ്യന് അഗ്നിയാൽ സൃഷ്ടിച്ച ഞാൻ പ്രണാമം ചെയ്യുകയോ?' അതായിരുന്നു ഇബ്‌ലീസിന്റെ ന്യായം. ഈ ന്യായം അല്ലാഹു അംഗീകരിച്ചില്ല. കാരണം സൃഷ്ടികൾ എന്ന നിലക്ക് ജിന്നും മനുഷ്യനും അല്ലാഹുവിന്റെ മുമ്പിൽ തുല്യരാണ്. അല്ലാഹുവിന്റെ കൽപനകൾ സശിരകമ്പം അനുസരിക്കാൻ ബാധ്യസ്ഥരായ അടിമകൾ. മനുഷ്യന്റെ കാര്യത്തിൽ മലക്കുകൾക്കുമുണ്ടായിരുന്നു ചില സന്ദേഹങ്ങൾ. എങ്കിലും മനുഷ്യനു മുന്നിൽ പ്രണാമം ചെയ്യാനുള്ള ദൈവകൽപന മലക്കുകൾ നിസ്സന്ദേഹം അനുസരിച്ചു. ഇബ്‌ലീസ് തന്റെ ന്യായവാദത്തിൽ ശഠിച്ചുനിന്നു. അതിനു കാരണം അവന്റെ അഹങ്കാരം- ഞാനാണ് മീതെ എന്ന ഭാവം ആയിരുന്നു.ദൈവത്തോടുള്ള അടിമത്തത്തിന്റെ ബാധ്യതയിൽനിന്ന് അതവനെ വ്യതിചലിപ്പിച്ചു. അവൻ തന്നെത്തന്നെ ദൈവത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിച്ചു. ഇബ്‌ലീസ് എന്നെന്നേക്കുമായി സ്വർഗലോകത്തുനിന്ന് ആട്ടിയോടിക്കപ്പെട്ടു എന്നതാണ് അതിന്റെ ഫലം.

ഈ കഥ അതിപ്രധാനമായ ചില യാഥാർഥ്യങ്ങൾ നമ്മെ തെര്യപ്പെടുത്തുന്നുണ്ട്. ഒന്ന്, ഖുർആൻ രേഖപ്പെടുത്തുന്ന പ്രപഞ്ചത്തിലെ ഒന്നാമത്തെ ദൈവധിക്കാര നടപടിയാണ് മനുഷ്യന് സുജൂദ് ചെയ്യാനുള്ള ഇബ്‌ലീസിന്റെ വിസമ്മതം. ഞാൻ വലിയവനാണ് എന്ന വിചാരമാണ് അതിനവനെ പ്രേരിപ്പിച്ചത്. രണ്ട്, ഖുർആൻ രേഖപ്പെടുത്തുന്ന ആദ്യത്തെ സ്വർഗനഷ്ടത്തിന്റെ കാരണം അഹങ്കാരമാണ്. അന്നെന്ന പോലെ ഇന്നും ജിന്നുകളെയും മനുഷ്യരെയും സ്വർഗത്തിൽനിന്നകറ്റുന്ന ഏറ്റവും വലിയ ശക്തി അഹങ്കാരംതന്നെയാണ്. താനാണ് ആദമിനേക്കാൾ ശ്രേഷ്ഠൻ എന്ന ന്യായം പറഞ്ഞ് ആദമിന് സുജൂദ് ചെയ്യാൻ വിസമ്മതിച്ച ഇബ്‌ലീസിനെ സ്വർഗത്തിൽനിന്ന് ഇറക്കിവിട്ടുകൊണ്ട് അല്ലാഹു പറഞ്ഞതിങ്ങനെയാണ്. "നീ ഇറങ്ങിപ്പോ. നിനക്കതിൽ അഹങ്കരിക്കാനവകാശമില്ല. ഉടൻ പുറത്തുപോവുക. നീ അധമന്മാരുടെ ഗണത്തിൽ പെട്ടിരിക്കുന്നു" (7:13). അഹങ്കരിക്കുന്നവർ യഥാർഥത്തിൽ അധമരായിത്തീരുകയാണ് ചെയ്യുന്നതെന്നും ഖുർആൻ ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. പാമരന്മാരെ മാത്രമല്ല, പണ്ഡിതന്മാരെയും ഭക്തന്മാരെയും സംസാരവിരക്തരായ സന്യാസിമാരെ പോലും പിടികൂടാവുന്ന രോഗമാണ് അഹന്ത എന്നതാണ് ഈ കഥ മനസ്സിലാക്കിത്തരുന്ന മറ്റൊരു യാഥാർഥ്യം.

നമ്മളാരും സ്വയം തീരുമാനിച്ചിട്ടല്ല ഈ ലോകത്ത് പിറന്നു വീഴുന്നത്. സ്വയം നിശ്ചയിച്ചുറച്ചല്ല ആരും മരിച്ചു പോകുന്നതും. ഈ ലോകത്ത് സമ്പാദിക്കുന്നതും അനുഭവിക്കുന്നതുമൊന്നും നാം ഇങ്ങോട്ടു വരുമ്പോൾ കൊണ്ടുവന്നതുമല്ല. എല്ലാം അല്ലാഹുവിന്റെ ഔദാര്യങ്ങളാണ്. നമ്മുടെ ജീവിതത്തിന്മേൽ അടിസ്ഥാനപരമായ ഒരു അധികാരവും നമുക്കില്ല. മനുഷ്യൻ പലപ്പോഴും ഈ യാഥാർഥ്യങ്ങൾ മറന്നു പോകുന്നു. താൻ സ്വന്തംനിലയിൽ തന്നെ എന്തിന്റെയൊക്കെയോ അധികാരിയും ഉടമയുമാണെന്നവൻ ഭ്രമിക്കുന്നു. അല്ലാഹു നൽകിയ ഔദാര്യങ്ങളെ സ്വന്തം കഴിവിന്റെയും പ്രയത്നത്തിന്റെയും മാത്രം ഫലമെന്ന് തെറ്റിദ്ധരിക്കുന്നു. "ഇതൊക്കെയും ലഭിച്ചത് എന്റെ വിദ്യ കൊണ്ടാണെന്നവൻ ഘോഷിക്കുന്നു" (28:78) എന്നാണ് ഖുർആന്റെ ഭാഷ്യം. തന്റെ അസ്തിത്വത്തിൽ പോലും തനിക്കൊരു സ്വാധീനവുമില്ല എന്ന പച്ചപ്പരമാർഥത്തിന്റെ നിഷേധമാണിത്.

ആത്മനാശഹേതുക്കളിൽ പ്രഥമവും പ്രധാനവുമായി ആത്മീയാചാര്യന്മാർ എണ്ണുന്നത് അഹന്തയെയാണ്. ഒരു അഹങ്കാരി ഒരിക്കൽ താൻ നന്നാവാനെന്തു വഴി എന്ന് ഒരു ആത്മീയ ഗുരുവിനോട് അന്വേഷിച്ചു. 'നീ ഇല്ലാതാവുക' എന്നായിരുന്നു മറുപടി. നീ പോയി മരിക്കണം എന്നല്ല അദ്ദേഹം ഉദ്ദേശിച്ചത്. മറിച്ച് നിന്നിലെ 'ഞാൻ' എന്ന ഭാവത്തെ നശിപ്പിക്കണമെന്നായിരുന്നു. ഞാൻ ആരുമല്ല. എന്റേതായി ഒന്നുമില്ല. ദൈവത്തിന്റെ പരകോടി സൃഷ്ടികളിൽ ഒന്നു മാത്രമാണ് ഞാൻ. എന്റെ കൈവശമുള്ളതെല്ലാം ദൈവത്തിന്റേതാണ്. ഈ ബോധമാണ് അവനവനെക്കുറിച്ചുള്ള യാഥാർഥ്യബോധം. അതുണ്ടായാൽ പിന്നെ മനസ്സിൽ അഹങ്കാരത്തിനും തൻപ്രമാണിത്തത്തിനും ഇടം ലഭിക്കുകയില്ല. അങ്ങനെയുള്ളവർ മറ്റുള്ളവരെ തന്നിൽ താണവരായി കാണുകയുമില്ല. ആരുടെയും യജമാനനും മേധാവിയുമായിരിക്കാൻ ആഗ്രഹിക്കുകയുമില്ല. അവർക്കു വേണ്ടിയാണ് സ്വർഗലോകം ഒരുക്കപ്പെട്ടിരിക്കുന്നത്. "ആ പാരത്രികഭവനം ഭൂമിയിൽ മേലാളത്തമോ വിനാശ നടപടികളോ ആഗ്രഹിക്കാത്തവർക്കുള്ളതാകുന്നു" (28:83). "മനസ്സിൽ അണു അളവ് അഹങ്കാരമുള്ളവന് സ്വർഗം ലഭിക്കുകയില്ല" എന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു. സ്വർഗവും നരകവും തമ്മിലുള്ള ഒരു സംഭാഷണം നബി(സ) ഇങ്ങനെ ഉദ്ധരിക്കുകയുണ്ടായി: "നരകം: എനിക്കകത്തുള്ളവരൊക്കെയും സ്വേഛാ പ്രമത്തരും ദുരഹങ്കാരികളുമാകുന്നു. സ്വർഗം: ഭൂമിയിൽ അഗതികളും നിസ്സഹായരുമായിരുന്നവരാണ് എനിക്കകത്തുള്ളവർ."

അല്ലാഹു നമുക്ക് നൽകിയ അനുഗ്രഹങ്ങൾ ആസ്വദിക്കുന്നതോ, അത് മറ്റുള്ളവർക്കു മുമ്പിൽ പ്രകടിപ്പിക്കുന്നതോ അല്ല അഹങ്കാരം. ദൈവാനുഗ്രഹങ്ങൾ തേടാനും നേടാനും അത് പരസ്യമാക്കാനും അനുഭവിക്കാനുമൊക്കെ അല്ലാഹു അവന്റെ അടിമകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. തന്റെ നേട്ടങ്ങളെല്ലാം സ്വന്തം കഴിവിന്റെ മാത്രം ഫലമാണെന്നും ആ നേട്ടങ്ങൾ വഴി താൻ മറ്റുള്ളവരുടെയൊക്കെ മേലാളനായിരിക്കുന്നുവെന്നും കരുതുന്നതാണ് അഹങ്കാരം. പ്രവാചകൻ(സ) പറഞ്ഞു: "സത്യത്തെ ധിക്കരിക്കലും ആളുകളെ നിസ്സാരരായി ഗണിക്കലുമാണ് അഹങ്കാരം." സ്വന്തംനിലയിൽ ഔന്നത്യവും മഹത്വവും അവകാശപ്പെട്ട ഒരേയൊരു അസ്തിത്വമേയുള്ളൂ. അത് പ്രപഞ്ചനാഥനായ അല്ലാഹുവാണ്. മറ്റുള്ളതെല്ലാം അവന്റെ സൃഷ്ടികളും അടിമകളുമാകുന്നു. അല്ലാഹു പ്രസ്താവിച്ചതായി നബി(സ) പറയുന്നു: "ഔന്നത്യം എന്റെ അങ്കിയും ഗാംഭീര്യം എന്റെ ഉടുപ്പുമാകുന്നു. അത് എന്നിൽനിന്ന് ഊരി സ്വയം അണിയാൻ ശ്രമിക്കുന്നവനെ ഞാൻ നരകത്തിലെറിയുകതന്നെ ചെയ്യും."

നാം നമ്മുടെ ഏതവസ്ഥയെയും അല്ലാഹുവിങ്കൽനിന്നുള്ള പരീക്ഷണമായി മനസ്സിലാക്കുകയാണ് അഹങ്കാരം എന്ന മാരക രോഗത്തിൽനിന്ന് രക്ഷപ്പെടാനുള്ള ഒരു മാർഗം. ക്ഷാമവും സമൃദ്ധിയും രോഗവും ആരോഗ്യവും സ്ഥാനമാനങ്ങളും പ്രശസ്തിയും അംഗീകാരവും മറ്റു സുഖദുഃഖങ്ങളുമെല്ലാം അല്ലാഹുവിന്റെ പരീക്ഷണങ്ങളാണ്. "അല്ലാഹുവിനു വേണമെങ്കിൽ നിങ്ങളെയെല്ലാം യാതൊരുവിധ വൈവിധ്യവും ഏറ്റക്കുറവുമില്ലാത്ത ഒറ്റ സമൂഹമാക്കാമായിരുന്നു. എന്നാൽ ഇങ്ങനെ ചെയ്തത് അവൻ നിങ്ങൾക്ക് നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷിക്കുന്നതിനത്രെ" (5:48). "നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കിയതും നിങ്ങളിൽ ചിലരെ ചിലരേക്കാൾ പല പടി ഉയർത്തിയതും അവനാകുന്നു. അവൻ നിങ്ങൾക്ക് നൽകിയതിൽ നിങ്ങളെ പരീക്ഷിക്കുന്നതിനു വേണ്ടിയാണത്" (6:165). സുഖദുഃഖങ്ങളെയെല്ലാം അല്ലാഹുവിന്റെ പരീക്ഷണമായി കാണുന്നവർ നേട്ടങ്ങളിൽ നിലവിട്ട് നിഗളിക്കുന്നതിനു പകരം അല്ലാഹുവിന്റെ ഔദാര്യത്തിലുള്ള നന്ദിബോധത്താൽ കൂടുതൽ വിനീതരാവുകയാണ് ചെയ്യുക. നഷ്ടങ്ങളിൽ നിരാശാ ഗർത്തത്തിലാണ്ട് വിലപിക്കുന്നതിനു പകരം, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ പൂർവോപരി പ്രതീക്ഷയർപ്പിച്ചു മുന്നോട്ടു പോകാൻ പരീക്ഷണബോധം അവരെ പ്രാപ്തരാക്കുന്നു. ■